**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1603** **08-02-2023 - ൽ മറുപടിയ്ക്ക്**

**കാർഷിക പ്രവർത്തനങ്ങൾക്ക് മോണിറ്ററിംഗ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കാർഷിക സേവന കേന്ദ്രങ്ങളുടെയും കാർഷിക കർമ്മ സേനകളുടെയും പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും അവലോകനം നടത്തുന്നതിനും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | കാർഷിക സേവന കേന്ദ്രത്തിന്റെയും കാർഷിക കർമ്മസേനയുടെയും പ്രവർത്തനം ജില്ലാതലത്തിലും സംസ്ഥാനതലത്തിലും നിരീക്ഷിക്കുന്നതിനും അവലോകനം നടത്തുന്നതിനും വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 'കാർഷിക സേവന കേന്ദ്രത്തിന്റെ സംഘാടനം പ്രവർത്തനം', 'കാർഷിക കർമ്മ സേനയുടെ സംഘാടനം പ്രവർത്തനം' എന്നിങ്ങനെ രണ്ടു മാന്വലുകൾ തയ്യാറാക്കിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത മേഖലയിൽ കൂടുതലായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മോണിറ്ററിംഗ് സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; വിശദമാക്കുമോ? | (ബി) | കാർഷിക കർമ്മ സേനയുടെയും കാർഷിക സേവന കേന്ദ്രങ്ങളുടെയും പ്രവർത്തനം ശാക്തീകരിക്കുന്നതിന് വേണ്ടി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷനും രൂപീകരിച്ചിട്ടുണ്ട്.<br><br>മിഷന്റെ നേതൃത്വത്തിൽ കേരളത്തിലെ കാർഷിക സേവന കേന്ദ്രത്തിന്റെ സാമ്പത്തിക സ്ഥിതി, മാനവവിഭവ ശേഷി, കാർഷിക യന്ത്രങ്ങൾ, മറ്റിതര ആസ്തികൾ എന്നിവയുടെ നിജസ്ഥിതി രേഖപ്പെടുത്തി വിലയിരുത്തി റിപ്പോർട്ടുകൾ തയ്യാറാക്കുന്നുണ്ട്. കാർഷിക യന്ത്രവൽക്കരണ മിഷന്റെ നിർദ്ദേശം അനുസരിച്ച് കാർഷിക സേവന കേന്ദ്രങ്ങളുടെയും കാർഷിക കർമ്മ സേനകളുടെയും പ്രവർത്തനങ്ങൾക്കുള്ള ഉത്തരവുകളും നിർദ്ദേശങ്ങളും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചു വരുന്നു. കാർഷിക സേവന കേന്ദ്രത്തിന്റെയും കാർഷിക കർമ്മ സേനയുടെയും പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും റിപ്പോർട്ട് യഥാസമയം നൽകുന്നതിനുമായി ഒരു ഓൺലൈൻ / സോഫ്റ്റ് വെയർ സംവിധാനം തയ്യാറാക്കാനും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

സ്ഥലം എം.എൽ.എ അധ്യക്ഷനും, കൃഷി അസിസ്റ്റന്റ് ഡയറക്ടർ കൺവീനറുമായ ബ്ലോക്ക്തല ഉപദേശക സമിതിയാണ് കാർഷിക സേവന കേന്ദ്രത്തിന് നേതൃത്വം നൽകുന്നത്. ഈ സമിതി വർഷത്തിൽ രണ്ടു പ്രാവശ്യം യോഗം ചേർന്ന് കാർഷിക സേവന കേന്ദ്രത്തിന്റെ പ്രവർത്തനവും പുരോഗതിയും വിലയിരുത്തി വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. കൂടാതെ കാർഷിക സേവന കേന്ദ്രത്തിന്റെ വാർഷിക കർമ്മ പരിപാടി (ബിസിനസ് പ്ലാൻ) ഈ സമിതിയിൽ ചർച്ച ചെയ്തു അംഗീകരിക്കേണ്ടതാണ്. ഓരോ വർഷത്തെയും വാർഷിക പുരോഗതി റിപ്പോർട്ട് ഈ സമിതിയിൽ അവതരിപ്പിച്ച് മുകൾത്തട്ടിലേക്ക് (ജില്ല ആത്മ പ്രോജക്റ്റ് ഡയറക്ടർ സംസ്ഥാന കൃഷി ഡയറക്ടർക്ക്) സമർപ്പിക്കേണ്ടതാണ്. ഈ സമ്പ്രദായം അനുവർത്തിക്കുന്നതിന് മാന്വലിൽ നിഷ്കർഷിച്ചിട്ടുണ്ട്.

കാർഷിക സേവന കേന്ദ്രത്തിന്റെ പ്രവർത്തന പുരോഗതി റിപ്പോർട്ട് ഫെസിലിറ്റേറ്റർ തയ്യാറാക്കുകയും അത് കാർഷിക സേവന കേന്ദ്രത്തിന്റെ നിർവഹണസമിതിയിൽ ചർച്ച ചെയ്തു കൃഷി അസിസ്റ്റൻറ് ഡയറക്ടർ ബ്ലോക്ക് തല സമിതിയിൽ അവതരിപ്പിക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനും, സ്ഥലം കൃഷി ഓഫീസർ കൺവീനറുമായ ഗ്രാമപഞ്ചായത്ത്തല ഉപദേശക സമിതിയാണ് കാർഷിക കർമ്മ സേനയുടെ പ്രവർത്തനത്തിന് നേതൃത്വം നൽകുന്നത്. ഈ സമിതി വർഷത്തിൽ രണ്ടു പ്രാവശ്യം യോഗം ചേർന്ന് കാർഷിക കർമ്മ സേനയുടെ പ്രവർത്തനവും പുരോഗതിയും വിലയിരുത്തി വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. കൂടാതെ കാർഷിക കർമ്മ സേനയുടെ വാർഷിക കർമ്മപരിപാടി അഥവാ ബിസിനസ് പ്ലാൻ ഈ സമിതിയിൽ ചർച്ച ചെയ്ത് അംഗീകരിക്കേണ്ടതാണ്. ഓരോ വർഷത്തെയും വാർഷിക പുരോഗതി റിപ്പോർട്ട് ഈ സമിതിയിൽ അവതരിപ്പിച്ച് മുകൾത്തട്ടിലേക്ക് (ജില്ല ആത്മ പ്രോജക്റ്റ് ഡയറക്ടർ/സംസ്ഥാന കൃഷി ഡയറക്ടർക്ക്) സമർപ്പിക്കേണ്ടതാണ്. ഈ സമ്പ്രദായം അനുവർത്തിക്കുന്നതിന് മാന്വലിൽ നിഷ്കർഷിച്ചിട്ടുണ്ട്.

കാർഷിക കർമ്മ സേനയുടെ പ്രവർത്തന പുരോഗതി റിപ്പോർട്ട് സൂപ്പർവൈസർ തയ്യാറാക്കുകയും അത് കർമ്മ സേനയുടെ നിർവഹണസമിതിയിൽ ചർച്ച ചെയ്തു കൃഷി ഓഫീസർ ഗ്രാമപഞ്ചായത്ത് തല ഉപദേശക സമിതിയിൽ അവതതരിപ്പിക്കേണ്ടതുമാണ്.

## <u>കാർഷിക സേവന കേന്ദ്രത്തിന്റെ മാനുവലിൽ അദ്ധ്യായം 6 പ്രകാരം മോണിറ്ററിംഗ് താഴെപ്പറയുന്ന പ്രകാരം നിഷ്കർഷിച്ചിരിക്കുന്നു.</u>

A. **നിരീക്ഷണത്തിനുള്ള ആധികാരികത**

1. കൃഷി വകുപ്പ് ഡയറക്ടർ, കൃഷി അഡീഷണൽ ഡയറക്ടർ (കാർഷിക വിജ്ഞാന

വ്യാപനം), സംസ്ഥാന കൃഷി എഞ്ചിനീയർ തുടങ്ങിയവർ, ഈ പദ്ധതി സംസ്ഥാനതലത്തിൽ നിരീക്ഷിക്കും.

2. ജില്ലാ ആത്മ പ്രൊജക്റ്റ് ഡയറക്ടർ ചെയർമാനും ആത്മ ഡെപ്യൂട്ടി ഡയറക്ടർ കൺവീനറും അസിസ്റ്റൻറ് എക്സിക്യൂട്ടിവ് എഞ്ചിനീയർ (കൃഷി) അംഗവും അടങ്ങുന്ന സമിതിക്ക് കാർഷിക സേവന കേന്ദ്രത്തിന്റെ ത്രൈമാസ അവലോകനവും പരിശോധനയും നടത്താം.
3. ജില്ലാ തലത്തിൽ കാർഷിക സേവന കേന്ദ്രത്തിന്റെ പ്രതിമാസ അവലോകനവും പരിശോധനയും താഴെ പറയുന്ന കമ്മിറ്റിക്ക് നടത്താം.
   - ജില്ലാ ആത്മ ഡെപ്യൂട്ടി പ്രൊജക്റ്റ് ഡയറക്ടർ (ചെയർമാൻ)
   - കാർഷിക സേവന കേന്ദ്രത്തിന്റെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ (കൺവീനർ)
   - കാർഷിക സേവന കേന്ദ്രത്തിന്റെ നോഡൽ കൃഷി ഓഫീസർ (അംഗം)

4. നിരീക്ഷണ ഉദ്യോഗസ്ഥർക്ക് കാർഷിക സേവന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ വെബ് പോർട്ടൽ വഴി ഏകോപിപ്പിക്കുകയും നിരീക്ഷിക്കുകയും ചെയ്യാം.

## B. പുരോഗതി റിപ്പോർട്ട്

1. പ്രതിമാസ പുരോഗതി റിപ്പോർട്ട് പ്രത്യേകം നിഷ്കർഷിച്ചിരിക്കുന്ന നിർദ്ദിഷ്ട ഫോറത്തിൽ ഫെസിലിറ്റേറ്റർ തയ്യാറാക്കണം, അത് കാർഷിക സേവന കേന്ദ്രത്തിന്റെ നോഡൽ കൃഷി ഓഫീസർ പരിശോധിച്ച് ഒപ്പിട്ട് കൃഷി അസിസ്റ്റൻറ് ഡയറക്ടർക്ക് സമർപ്പിക്കുകയും തുടർന്ന് കൃഷി അസിസ്റ്റൻറ് ഡയറക്ടർ മേലൊപ്പ് ചാർത്തിയ ശേഷം, ഓരോ മാസവും സൂക്ഷ്മപരിശോധന നടത്തുകയും അഞ്ചാം തീയതിക്കുള്ളിൽ ജില്ലാ പ്രൊജക്റ്റ് ഡയറക്ടർ ആത്മക്ക് നൽകേണ്ടതുമാണ്.
2. ജില്ലയിലെ എല്ലാ കാർഷിക സേവന കേന്ദ്രത്തിൽ നിന്നുമുള്ള സമാഹരിച്ച പ്രതിമാസ പുരോഗതി റിപ്പോർട്ടുകൾ സംക്ഷിപ്തമാക്കി നിർദ്ദിഷ്ട ഫോർമാറ്റിൽ ജില്ലാ ആത്മ പ്രൊജക്റ്റ് ഡയറക്ടർ തയ്യാറാക്കി, എല്ലാ മാസവും 10 ന് മുമ്പ് കൃഷി ഡയറക്ടറേറ്റിന്റെ കൃഷി അഡീഷണൽ ഡയറക്ടർക്ക് (വിജ്ഞാന വ്യാപനം) അയച്ചു കൊടുക്കേണ്ടതാണ്.
3. ഫെസിലിറ്റേറ്റർ തയ്യാറാക്കിയ അർദ്ധ വാർഷിക, വാർഷിക പുരോഗതി റിപ്പോർട്ടും (നിർദ്ദിഷ്ട ഫോറത്തിൽ), കൂടാതെ നോഡൽ കൃഷി ഓഫീസർ പരിശോധിച്ച വാർഷിക പ്രവർത്തനം വിലയിരുത്തൽ റിപ്പോർട്ടും (നിർദ്ദിഷ്ട ഫോറത്തിൽ) കൃഷി അസിസ്റ്റന്റ് ഡയറക്ടർ സൂക്ഷ്മപരിശോധന നടത്തി ബ്ലോക്ക് തല ഉപദേശകസമിതിയുടെ യോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്.
4. ബ്ലോക്ക് തല ഉപദേശകസമിതി അംഗീകരിച്ച ഈ അർദ്ധ വാർഷിക, വാർഷിക

പുരോഗതി റിപ്പോർട്ട് ജില്ലയിലെ ആത്മ പ്രൊജക്ട് ഡയറക്ടർക്ക് അയച്ചു കൊടുക്കേണ്ടതാണ്.

5. ജില്ലാ ആത്മ പ്രൊജക്ട് ഡയറക്ടർ വാർഷിക പുരോഗതി റിപ്പോർട്ടും പ്രവർത്തനം വിലയിരുത്തൽ റിപ്പോർട്ടും സമാഹരിച്ച് കൃഷി അഡീഷണൽ ഡയറക്ടർക്ക് (കാർഷിക വിജ്ഞാന വ്യാപനം) അയയ്ക്കേണ്ടതാണ്.
6. വെബ് അധിഷ്ഠിത മോണിറ്ററിംഗ് സംവിധാനം വഴി കൃഷി ഭവൻ അടിസ്ഥാനത്തിൽ ഭൗതിക സാമ്പത്തിക സ്ഥിതി വിവരങ്ങൾ പുതുക്കണം.
7. പ്രതിമാസ പുരോഗതിയുടെ സോഫ്റ്റ് കോപ്പി ജില്ലാ ആത്മ പ്രൊജക്ട് ഡയറക്ടർക്ക് അയക്കണം.
8. ഓരോ ജില്ലയിലെയും ജില്ലാ ആത്മ പ്രൊജക്ട് ഡയറക്ടർ വിശദമായ അർദ്ധ വാർഷിക റിപ്പോർട്ടും ദ്വൈമാസ അവലോകന റിപ്പോർട്ടും സമാഹരിച്ച് കൃഷി ഡയറക്ടറേറ്റിന്റെ കൃഷി അഡീഷണൽ ഡയറക്ടർക്ക് (കാർഷിക വിജ്ഞാന വ്യാപനം) സമർപ്പിക്കേണ്ടതാണ്.
9. സാമ്പത്തിക വർഷം കഴിഞ്ഞ് ഒരാഴ്ചക്കകം ജില്ലാ ആത്മ പ്രൊജക്ട് ഡയറക്ടർ വിശദമായ വാർഷിക പുരോഗതി റിപ്പോർട്ട് കൃഷി ഡയറക്ടർക്ക് സമർപ്പിക്കണം.

**കാർഷിക കർമ്മ സേനയുടെ മാന്വലിൽ അധ്യായം 9 പ്രകാരം മോണിറ്ററിംഗ് താഴെ പറയുന്ന പ്രകാരം നിഷ്കർഷിച്ചിരിക്കുന്നു.**

A. **നിരീക്ഷണത്തിനുള്ള ആധികാരികത**

a) ഈ പദ്ധതി അഡീഷണൽ കൃഷി ഡയറക്ടറും (എക്സ്റ്റൻഷൻ), സംസ്ഥാന കൃഷി എഞ്ചിനീയറും അധ്യക്ഷനായ സമിതി സംസ്ഥാന തലത്തിൽ അവലോകനം ചെയ്യുകയും നിരീക്ഷിക്കുകയും ചെയ്യും.
b) ജില്ലാതലത്തിൽ അവലോകനം ജില്ലാ ആത്മ പ്രൊജക്ട് ഡയറക്ടർ ചെയർമാനും ആത്മ ഡെപ്യൂട്ടി പ്രോജെക്ട് ഡയറക്ടർ കൺവീനറും അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) അംഗവും അടങ്ങുന്ന സമിതിക്ക് ചെയ്യാം.
c) കാർഷിക കർമ്മ സേനയുടെ ജില്ലാ തലത്തിലുള്ള ത്രൈമാസ അവലോകനവും പരിശോധനയും താഴെപ്പറയുന്ന കമ്മിറ്റിക്ക് നടത്താം.
    - ജില്ലാ ആത്മ ഡെപ്യൂട്ടി പ്രൊജക്ട് ഡയറക്ടർ (ചെയർമാൻ)
    - കാർഷിക കർമ്മ സേനയുടെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ (കൺവീനർ)
    - കാർഷിക കർമ്മ സേനയുടെ നോഡൽ കൃഷി ഓഫീസർ
    - അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനീയർ (കൃഷി )

d) കാർഷിക കർമ്മ സേനയുടെ പ്രതിമാസ അവലോകനവും പരിശോധനയും കൃഷി അസിസ്റ്റന്റ് ഡയറക്ടറും കാർഷിക കർമ്മ സേനയുടെ കൃഷി ഓഫീസറും അടങ്ങുന്ന സമിതിക്ക് നടത്താം.

e) നിരീക്ഷണ ഉദ്യോഗസ്ഥർക്ക് കാർഷിക സേവന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ വെബ് പോർട്ടൽ വഴി ഏകോപിപ്പിക്കുകയും നിരീക്ഷിക്കുകയും ചെയ്യാം.

## B. പുരോഗതി റിപ്പോർട്ട്

1. വെബ് നിരീക്ഷണ സംവിധാനം വഴി കൃഷിഭവൻ അടിസ്ഥാനത്തിൽ ഭൗതിക-സാമ്പത്തിക റിപ്പോർട്ട് പുതുക്കാം.
2. പ്രതിമാസ പുരോഗതി റിപ്പോർട്ടിന്റെ ഹാർഡ് കോപ്പി നിർദ്ദിഷ്ട ഫോറത്തിൽ ജില്ലാ പ്രൊജക്ട് ഡയറക്ടർ ആത്മക്ക് അയക്കേണ്ടതാണ് .
3. ഓരോ ജില്ലയിലെയും ജില്ലാ ആത്മ പ്രൊജക്ട് ഡയറക്ടർ വിശദമായ അർദ്ധ വാർഷിക റിപ്പോർട്ടും ത്രൈമാസ അവലോകന റിപ്പോർട്ടും സമാഹരിച്ച് കൃഷി ഡയറക്ടറേറ്റിന്റെ കൃഷി അഡീഷണൽ ഡയറക്ടർക്ക് (കാർഷിക വിജ്ഞാന വ്യാപനം)സമർപ്പിക്കേണ്ടതാണ്.
4. സാമ്പത്തിക വർഷം കഴിഞ്ഞ് ഒരാഴ്ചക്കകം ജില്ലാ ആത്മ പ്രൊജക്ട് ഡയറക്ടർ വിശദമായ വാർഷിക പുരോഗതി റിപ്പോർട്ട് കൃഷി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.
5. പുരോഗതി റിപ്പോർട്ട് തയ്യാറാക്കുന്നതിനും സമർപ്പിക്കുന്നതിനുമുള്ള നിർദ്ദിഷ്ട ഫോറത്തിൽ ആയിരിക്കണം.
6. ഓരോ കാർഷിക കർമ്മ സേനയുടെയും വാർഷിക പുരോഗതി റിപ്പോർട്ട് (നിർദ്ദിഷ്ട ഫോറത്തിൽ) തയ്യാറാക്കി ഗ്രാമതല ഉപദേശക സമിതിയിൽ അവതരിപ്പിക്കുകയും തുടർന്ന് കാർഷിക കർമ്മസേനയുടെ കൃഷി ഓഫീസർ അത് ജില്ലാ ആത്മ പ്രൊജക്ട് ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

സെക്ഷൻ ഓഫീസർ